# ജില്ലാ ബാങ്ക് വാർത്ത


കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന്     ലക്കം എട്ട്     ജനുവരി 2013





## ഇടപാടുകാർക്ക് പുത്തനുണർവേകി ചെറുകിട സംരംഭകത്വ സെമിനാറുകൾ



*കള്ളാർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഹാളിൽ ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ കള്ളാർ പഞ്ചായത്ത് പ്രസിഡന്റ് എച്ച് വിഘ്നേശ്വര ഭട്ട് പ്രസംഗിക്കുന്നു.*

**മാലക്കല്ല്:** കാസർകോട് ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെയും (കൈത്താങ്ങ് ) ഗോകുലം ഫാർമേഴ്സ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ ജില്ലാ സഹകരണ ബാങ്ക് മാലക്കല്ല് ശാഖയിലെ ഇടപാടുകാർക്കായി കള്ളാർ, ബളാംതോട് എന്നിവിടങ്ങളിൽ ചെറുകിട സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു.

കള്ളാർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഹാളിൽ നടന്ന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള അവാർഡ് നേടിയ കള്ളാർ പഞ്ചായത്തിന്റെ പ്രസിഡന്റായ എച്ച് വിഘ്നേശ്വര ഭട്ടിനെ ഫാർമേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചടങ്ങിൽ ആദരിച്ചു. കള്ളാർ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലീലാമ്മ ജോസ് അധ്യക്ഷതവഹിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ കെ ഗോപി, പി ഗീത, മെമ്പർമാരായ കെ കൃഷ്ണൻ, എം ശങ്കരനാരായണൻ, ത്രേസ്യാമ്മ മാത്യു, ഗോകുലം ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ എൻ സുരേന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു. കുടുംബശ്രീ കൺസൾട്ടന്റ് എം പ്രഭാകരൻ ക്ലാസെടുത്തു. ശാഖാ മാനേജർ എം കെ മാധവൻ നായർ സ്വാഗതവും അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ നന്ദിയും പറഞ്ഞു.

ബളാംതോട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ സഹകരണത്തോടെ ബളാംതോടിൽ നടന്ന സെമിനാറിൽ ഗോകുലം ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് കെ എൻ സുരേന്ദ്രൻ നായർ അധ്യക്ഷതവഹിച്ചു. കുടുംബശ്രീ കൺസൾട്ടന്റ് എം പ്രഭാകരൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. ക്ഷീരോൽപ്പാദക സഹകരണ സംഘം സെക്രട്ടറി സി എസ് പ്രദീപ് കുമാർ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു. തുടർന്ന് ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി 20 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു.

# ആർ.ടി.ജി.എസ് / എൻ.ഇ.എഫ്.ടി സൗകര്യം ജില്ലാ സഹകരണ ബാങ്കിലും

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ ഇന്ത്യയിലെ എല്ലാ ബാങ്ക് അക്കൗണ്ടുകളിലേക്കും വേഗത്തിൽ പണം അയക്കാനുള്ള ആർ.ടി.ജി.എസ്/ എൻ.ഇ.എഫ്.ടി സൗകര്യം ഏർപ്പെടുത്തി. ഇനിമുതൽ ഇടപാടുകാർക്ക് രാജ്യത്തിനകത്ത് പ്രവർത്തിക്കുന്ന ഐ.എഫ്.എസ് കോഡുള്ള (ഇന്ത്യൻ ഫിനാൻഷ്യൽ സിസ്റ്റം കോഡ്) എല്ലാ ബാങ്കുകളുടെ അക്കൗണ്ടുകളിലേക്കും കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളിൽ നിന്നും പണം അയക്കാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് ശാഖാ മാനേജർമാരുമായി ബന്ധപ്പെടേണ്ടതാണ്.

## കുടിശ്ശിക നിവാരണം: നടപടികൾ ഊർജ്ജിതപ്പെടുത്തുക

പ്രധാനമായും വായ്പയെ അടിസ്ഥാനമാക്കിയാണല്ലോ ബാങ്കുകളുടെ ശക്തി കണക്കാക്കുന്നത്. ഇതുപ്രകാരം വായ്പാ വിതരണത്തിലെ ഉയർന്ന കണക്ക് കാസർകോട് ജില്ലാ സഹകരണ ബാങ്കിനും അഭിമാനിക്കാൻ വക നൽകുന്നു.

എന്നാൽ കിട്ടാക്കടം എല്ലാ ബാങ്കുകളേയും പോലെ നമ്മുടെ ബാങ്കിനെയും അപകടത്തിലേക്ക് തള്ളിവിടും. കൂടുതൽ തുക കരുതൽ വെക്കേണ്ടിവരുമെന്നതിനാൽ **നിഷ്ക്രിയ ആസ്തികൾ (NPA-Non performing assets)** വർദ്ധിക്കുന്നത് ഒരു ബാങ്കിനും ഗുണകരമല്ല. പലിശ ഇനത്തിലോ മുതൽ തവണ ഇനത്തിലോ 90 ദിവസത്തിൽ കൂടുതൽ കുശ്ശിക വരുന്ന വായ്പാ അക്കൗണ്ടുകൾ, ഔട്ട് ഓഫ് ഓർഡർ ആയ ക്യാഷ് ക്രെഡിറ്റ്/ ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടുകൾ തുടങ്ങിയവയാണ് പ്രധാനമായും നിഷ്ക്രിയ ആസ്തികളിൽ വരുന്നത്. ഇത്തരം അക്കൗണ്ടുകളിലെ കുടിശ്ശിക ഒഴിവാക്കേണ്ടത് ബാങ്കിന്റെ ഗുണകരമായ നടത്തിപ്പിന് അനിവാര്യമാണ്. കുടിശ്ശികക്കാരനെ നേരിൽ കണ്ട് വായ്പാ തിരിച്ചടക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വീഴ്ച്ചവരുത്തുന്ന പക്ഷം നേരിടേണ്ടിവരുന്ന നിയമ നടപടികളെക്കുറിച്ചും ബോധ്യപ്പെടുത്തുകയും എ.ആർ.സി, സർഫേസി നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ കുടിശ്ശിക നിവാരണം കൂടുതൽ കാര്യക്ഷമമാക്കാൻ എല്ലാ ജീവനക്കാരും ഒത്തൊരുമയോടെ പ്രവർത്തിക്കണം.

നാടിന്റെ വളർച്ച സാധ്യമാക്കാൻ ബാങ്കുകൾ അനിവാര്യമാണ്. ജില്ലയുടെ വികസനത്തിനായി നാനാവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്ന കാസർകോട് ജില്ലാ സഹകരണ ബാങ്കിനെ കൂടുതൽ ഉയരങ്ങളിലെത്തിക്കാൻ ബഹുമാന്യ ഇടപാടുകാർ അവരവരുടെ വായ്പാ അക്കൗണ്ടുകളിലെ കുടിശ്ശിക തീർത്ത് നിയമ നടപടികളിൽ നിന്നും ഒഴിവാകേണ്ടതാണെന്നും അറിയിക്കുന്നു.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
ഡെപ്യൂട്ടി ജനറൽ മാനേജർ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്


## പുത്തനറിവുകൾ പകർന്ന് ചെലവില്ലാകൃഷി സെമിനാർ




*ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് സെന്റർ സംഘടിപ്പിച്ച ചെലവില്ലാ കൃഷി സംബന്ധിച്ച ഏകദിന സെമിനാറിൽ എ മോഹൻകുമാർ ക്ലാസെടുക്കുന്നു.*

**ചെറുവത്തൂർ:** കാസർകോട് ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിംഗ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്റർ (കൈത്താങ്ങ് ), ജില്ലാതല ഫാർമേഴ്സ് ക്ലബ്ബ് കോഡിനേഷൻ കമ്മറ്റി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സീറോ ബഡ്ജറ്റ് കൃഷി- ചെലവില്ലാ കൃഷി സംബന്ധിച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു.

ഉൽപ്പാദന ചെലവ് കുറക്കുന്നതിലൂടെ കാർഷിക മേഖല ലാഭകരമാക്കുക, പുതുതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി സംഘടിച്ച സെമിനാർ കർഷകരിൽ ആവേശം പകർന്നു. കാർഷിക മേഖല നേരിടുന്ന നീറുന്ന പ്രശ്നങ്ങൾ ചെലവില്ലാകൃഷിയിലൂടെ എങ്ങനെ പരിഹരിക്കാമെന്ന് പ്രശസ്ത പരിസ്ഥിതി പ്രവർത്തകനായ എ മോഹൻകുമാർ അനുഭവത്തിന്റെ വെളിച്ചത്തിൽ വിശദീകരിച്ചു.

ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്ന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജില്ലാതല ഫാർമേഴ്സ് ക്ലബ്ബ് കോഡിനേഷൻ കമ്മറ്റി പ്രസിഡന്റ് ഇ നാണു അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ചെറുവത്തൂർ ശാഖ സീനിയർ മാനേജർ പി വി ചന്ദ്രമോഹനൻ സ്വാഗതം പറഞ്ഞു.

# നാട്ടറിവുകളുടേയും ശാസ്ത്രതത്വങ്ങളുടേയും സംഗമവേദിയായി മുഖാമുഖം

**പടന്നക്കാട്:** കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കാർഷിക കോളേജിലെ ശാസ്ത്രജ്ഞരും കർഷകരുമായുള്ള മുഖാമുഖം നാട്ടറിവുകളുടേയും ശാസ്ത്രതത്വങ്ങളുടേയും സംഗമവേദിയായിമാറി. ജില്ലാതല ഫാർമേഴ്സ് ക്ലബ്ബ് കോഡിനേഷൻ കമ്മറ്റിയുടേയും പടന്നക്കാട് കാർഷിക കോളേജിന്റെയും സഹകരണത്തോടെ കാർഷിക കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന മുഖാമുഖത്തിൽ ചെടികളുടെ ശാസ്ത്രീയ പരിപാലന മുറകൾ, സംയോജിത രോഗകീട നിയന്ത്രണ മാർഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്തു.



*കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കൃഷി ശാസ്ത്രജ്ഞരുടേയും കർഷകരുടേയും മുഖാമുഖം കാർഷിക കോളേജ് അസോസിയേറ്റ് ഡീൻ ഡോ. എം ഗോവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു.*

പച്ചക്കറി കൃഷിയെ ബാധിക്കുന്ന കീടാക്രമണത്തെ എങ്ങനെ ചെറുക്കാം? തെങ്ങിന്റെ ചെന്നീരൊലിപ്പ് തടയാനുള്ള മാർഗങ്ങൾ?, വെണ്ണീർ ജൈവ വളമാണോ? ...കാർഷിക രംഗത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞർക്കുമുമ്പാകെ കർഷകർക്ക് നിരത്താൻ നിരവധി ചോദ്യങ്ങൾ ഉണ്ടായിരുന്നു. ഓരോ ചോദ്യങ്ങൾക്കും ശാസ്ത്രജ്ഞർ വ്യക്തമായ മറുപടി നൽകിയതോടെ മുഖാമുഖം പരിപാടി കർഷകർക്ക് നവോൻമേഷമായി.

തെങ്ങിന്റെ കൂമ്പുചീയൽ, മച്ചിങ്ങാ പൊഴിച്ചിൽ, വാഴയുടെ കൂമ്പടപ്പ് , ഇല കരിച്ചിൽ, നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങൾ തുടങ്ങിയവക്കെതിരെയുള്ള പ്രതിരോധ നടപടികൾ, ട്രൈക്കോഡെർമ, സ്യൂഡോമോണാസ് എന്നിവയുടെ ഉപയോഗരീതി, പുതുതായി വികസിപ്പിച്ചെടുത്ത മേൽത്തരം വിത്തിനങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രജ്ഞർ കർഷകർക്ക് മുമ്പാകെ വിവരിച്ചു.

മുഖാമുഖം കാർഷിക കോളേജ് അസോസിയേറ്റ് ഡീൻ ഡോ. എം ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷതവഹിച്ചു. ശാസ്ത്രജ്ഞരായ ഡോ. എ എസ് അനിൽകുമാർ(അഗ്രോണമി), ഡോ. എം പി ഗിരിധരൻ (ഹോർട്ടികൾച്ചർ), ഡോ. കെ എം ശ്രീകുമാർ (എന്റമോളജി), ഡോ. ശ്രീവത്സൻ മേനോൻ എന്നിവർ നേതൃത്വം നൽകി. ജില്ലാ സഹകരണ ബാങ്ക് അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് നന്ദിയും പറഞ്ഞു.

# സുലഭ ഫാർമേഴ്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തു



*ജില്ലാ സഹകരണ ബാങ്ക് ചുള്ളിക്കര ശാഖയുടെ കീഴിൽ രൂപീകരിച്ച സുലഭ ഫാർമേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനോദ്ഘാടനം നബാർഡ് എ.ജി.എം എൻ ഗോപാലൻ നിർവ്വഹിക്കുന്നു.*

**ചുള്ളിക്കര:** കാസർകോട് ജില്ലാ സഹകരണ ബാങ്ക് ചുള്ളിക്കര ശാഖയുടെ കീഴിൽ നബാർഡിന്റെ സഹായത്തോടെ രൂപീകരിച്ച സുലഭ ഫാർമേഴ്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നബാർഡ് എ.ജി.എം എൻ ഗോപാലൻ നിർവ്വഹിച്ചു.

ചുള്ളിക്കര ലയൺസ് ഹാളിൽ നടന്ന പരിപാടിയിൽ ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ജോൺ ജേക്കബ് അധ്യക്ഷതവഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ജിജിമോൾ, കെ ഗോപി, ജില്ലാ സഹകരണ ബാങ്ക് പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് , ഇ പി സേവ്യർ എന്നിവർ പ്രസംഗിച്ചു.

ചുള്ളിക്കര ശാഖാ മാനേജർ പി ചന്ദ്രശേഖരൻ സ്വാഗതവും ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി ഷിനു കുര്യാക്കോസ് നന്ദിയും പറഞ്ഞു.

# കതിര് 2013: കാർഷിക സെമിനാർ നടത്തി

**വെള്ളരിക്കുണ്ട്:** മലയോര കാർഷിക വിപണന മേള -2013 കതിരിനോടനുബന്ധിച്ച് കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കാർഷിക സെമിനാർ നടത്തി.



*ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്റർ വെള്ളരിക്കുണ്ടിൽ സംഘടിപ്പിച്ച കാർഷിക സെമിനാറിൽ കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞ ഡോ. ലീന ക്ലാസെടുക്കുന്നു.*

വെള്ളരിക്കുണ്ട് കാർഷിക വിപണന മേള നഗരിയിൽ നടന്ന സെമിനാർ ജില്ലാ പഞ്ചായത്ത വൈസ് പ്രസിഡന്റ് കെ എസ് കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ ഹരീഷ് പി നായർ അധ്യക്ഷതവഹിച്ചു. ബളാൽ ഗ്രാമ പഞ്ചായത്ത് മെമ്പർ ബിജു തുളിശ്ശേരി, കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് മെമ്പർ ലതാ സുനിൽ, ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ , എ ജി അനിൽകുമാർ, ആന്റണി അത്താഴപ്പാടം, തോമസ് ചെറിയാൻ, ജോസഫ് പുല്ലാട്ട് എന്നിവർ പ്രസംഗിച്ചു. കാസർകോട് സി.പി.സി. ആർ.ഐ കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞ ഡോ. ലീന ക്ലാസെടുത്തു. തുടർന്ന് നടന്ന ബയോഗ്യാസ് പ്ലാന്റ് പ്രദർശനം പരപ്പ ബ്ലോക് പഞ്ചായത്ത് മെമ്പർ സത്യൻ പാടിയിൽ ഉദ്ഘാടനം ചെയ്തു. ബേബി ചെമ്പരത്തി സ്വാഗതവും ജാൻസി ടോമി നന്ദിയും പറഞ്ഞു.

# ബോധവൽക്കരണ ക്ലാസും ഇടപാടുകാരുടെ സംഗമവും നടത്തി

**മാലക്കല്ല്:** കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെയും നബാർഡിന്റെയും ലീഡ് ബാങ്കിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസും ഇടപാടുകാരുടെ സംഗമവും സംഘടിപ്പിച്ചു.

മാലക്കല്ല് മലനാട് റബ്ബർ ആന്റ് അദർ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് കോ -ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്ന പരിപാടി കള്ളാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എച്ച്. വിഘ്നേശ്വര ഭട്ട് ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് മാലക്കല്ല് ശാഖയിലെ ആദ്യ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമയായ ടി ഒ ജോസഫിനെ(കനകമൊട്ട) അദ്ദേഹം ആദരിച്ചു. ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു. നബാർഡ് എ. ജി.എം എൻ ഗോപാലൻ (കർഷകരും ബാങ്കുകളും), ലീഡ് ഡിസ്ട്രിക്ട് മാനേജർ എം അജിത്കുമാർ മേനോൻ (ഫിനാൻഷ്യൽ ഇൻക്ലൂഷൻ), എൽ.ഐ.സി മാനേജർ ജി പി ജയചന്ദ്രകുമാർ (മൈക്രോ ഇൻഷൂറൻസ്) എന്നിവർ ക്ലാസെടുത്തു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ സ്വാഗതവും ശാഖാ മാനേജർ എം കെ മാധവൻ നായർ നന്ദിയും പറഞ്ഞു.

## ക്രെഡിറ്റ് കൗൺസലിംഗ് സെമിനാർ സംഘടിപ്പിച്ചു

**അട്ടേങ്ങാനം:** കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെയും സംഗമം, സമൃദ്ധി, തണൽ എന്നീ പുരുഷ സ്വാശ്രയ സംഘങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ ക്രെഡിറ്റ് കൗൺസലിംഗ് സെമിനാർ നടത്തി.

അട്ടേങ്ങാനം ഇ.എം.എസ് സാംസ്കാരിക നിലയത്തിൽ നടന്ന പരിപാടി തായന്നൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് യു ഉണ്ണികൃഷ്ണൻ നായർ ഉദ്ഘാടനം ചെയ്തു. മൂരിക്കട തണൽ കർഷക സ്വാശ്രയ സംഘം സെക്രട്ടറി സി രഘു അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ എന്നിവർ ക്ലാസെടുത്തു. ചീറ്റതട്ട സംഗമം കർഷക സ്വാശ്രയ സംഘം സെക്രട്ടറി കെ സത്യൻ സ്വാഗതവും മൂരിക്കട സമൃദ്ധി കർഷക സ്വാശ്രയ സംഘം സെക്രട്ടറി കെ വി സതീശൻ നന്ദിയും പറഞ്ഞു.

Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)
Phone- 04994-220118, 230118.